**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 144** **05-12-2022 - ൽ മറുപടിയ്ക്ക്**

**ഉപ്പള അഗ്നി രക്ഷാനിലയം കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ കെ എം അഷ്റഫ് | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | ഉപ്പള അഗ്നി രക്ഷാനിലയത്തിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത അഗ്നി രക്ഷാനിലയത്തിന് റവന്യൂ വകുപ്പ് 1997ൽ അനുവദിച്ച ഭൂമി ലഭ്യമാക്കുന്നതിനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കുമോ; ടി ഭൂമി അഗ്നി രക്ഷാനിലയത്തിന് ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) | പ്രസ്തുത നിലയത്തിന് സ്വന്തമായി കെട്ടിടം പണിയുന്നതിന് മംഗൾപാടി വില്ലേജിലെ റീ സർവ്വേ നം. 50/1-ൽപ്പെട്ട 1.5 ഏക്കർ സ്ഥലം അഗ്നിരക്ഷാ വകുപ്പിന് അനുവദിച്ച് കിട്ടിയിട്ടുള്ളതാണ്. പ്രസ്തുത സ്ഥലത്ത് അതിർത്തി നിർണ്ണയിക്കുന്നതിന് റവന്യൂ വകുപ്പ് നടപടി ആരംഭിച്ചെങ്കിലും ടി സ്ഥലത്തോടുചേർന്ന് 30 വർഷത്തിലേറെയായി സ്ഥിതി ചെയ്യുന്ന ഭജനമന്ദിരം, കാവ് എന്നിവയ്ക്കായി മേൽ 1.5 ഏക്കർ സ്ഥലത്തുനിന്നും കുറച്ചുസ്ഥലം പതിച്ചു നൽകണമെന്ന് വാദിച്ച് തദ്ദേശവാസികൾ അതിരളക്കൽ തടസ്സപ്പെടുത്തിയതിനെതുടർന്ന് നാളിതുവരെയും അതിര് അളന്ന് നിശ്ചയിക്കാൻ കഴിഞ്ഞിട്ടില്ല. പ്രസ്തുത സ്ഥലത്തിൽ തർക്ക രഹിതമായ 90 സെന്റ് സ്ഥലം അനുവദിക്കുന്നതിനുള്ള അർത്ഥനാ പത്രം ഫയർ & റസ്ക്യൂ സർവ്വീസസ് വകുപ്പിൽ നിന്നും കാസറഗോഡ് ജില്ലാ കളക്ടർക്ക് നൽകിയിട്ടുണ്ട്. |
| (സി) | ഡയറക്ടർ ജനറൽ-ന്റെ 4.10.2021-ലെ എഫ്-1 5718/2016 നമ്പർ കത്ത് പ്രകാരം 90 സെന്റ് സ്ഥലം ഉപ്പള അഗ്നി രക്ഷാ നിലയം നിർമ്മിക്കുന്നതിന് അനുവദിക്കണമെന്നത് സംബന്ധിച്ച ഫയലിന്റെ നിലവിലെ സ്ഥിതി വിശദമാക്കുമോ; | (സി) | ഡയറക്ടർ ജനറൽ ലഭ്യമാക്കിയ ശുപാർശയുടെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥലം ഫയർ & റസ്ക്യൂ സർവ്വീസസ് വകുപ്പിന് ലഭ്യമാക്കുന്നതിനായി റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചു വരികയാണ്. |
| (ഡി) | പ്രസ്തുത അഗ്നി രക്ഷാ നിലയത്തിന് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ഡി) | അനുയോജ്യമായ സ്ഥലം വകുപ്പിന് കൈമാറി ലഭിക്കുന്ന മുറയ്ക്ക് ഭരണാനുമതി, ഫണ്ടിന്റെ ലഭ്യത എന്നിവയ്ക്ക് വിധേയമായി കെട്ടിടനിർമ്മാണം ആരംഭിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ